(സി) നിലവിൽ ഒരു ജീപ്പും മൂന്ന് ഷിഫ്റ്റ് ജോലിക്കാരുമാണ് ദ്രുതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കുള്ളത്. ജിക്കയുടെ സഹായത്തോടുകൂടി ജനറേറ്റർ, പമ്പ്, മറ്റ് യന്ത്ര സാമഗ്രികൾ എന്നിവയടങ്ങിയ ഒരു മെയിന്റനൻസ് വാനും ഒരു ടാങ്കർ ലോറിയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾക്ക് ലഭ്യമാക്കിക്കൊണ്ട് ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല 14 ജില്ലകൾക്കും ദ്രുതകർമ്മസേനയുടെ ഉപയോഗത്തിന് മാത്രമായി ഒരു ജീപ്പ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ശുദ്ധജല വിതരണ നയം

78 (2177) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ശുദ്ധജല വിതരണനയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പാചകം, കുടിവെള്ളം എന്നീ ആവശ്യങ്ങൾക്ക് തീർത്തും ശുദ്ധമായ ജലം കേരളത്തിലെ ജനങ്ങൾക്ക് എത്തിക്കാനാവുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) മറ്റുള്ള ആവശ്യങ്ങൾക്കും കുടിവെള്ളം തന്നെ ഉപയോഗിക്കാൻ പട്ടണപ്രദേശങ്ങളിലെ ജനങ്ങൾ നിർബന്ധിതരാവുന്നു എന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ ;

(ഡി) കുളിക്കാനും, നനയ്ക്കാനും, കൃഷി ആവശ്യത്തിനും കുടിവെള്ളം ഉപയോഗിക്കുന്നതുകൊണ്ട് ശുദ്ധീകരണ വിതരണച്ചെലവിനത്തിലുണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) പട്ടണങ്ങളോടു ചേർന്ന് ലഭ്യമാകുന്ന പുഴ, തടാകം എന്നിവയിലെ ജലസമ്പത്ത് കുടിവെള്ള ഇതര ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ;

(എഫ്) ആയിരം ലിറ്റർ ജലം പൂർണ്ണമായി ശുദ്ധീകരിച്ച് വിതരണ യോഗ്യമാക്കാൻ ശരാശരി എത്ര തുക ചെലവാകുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ജി) കുപ്പിവെള്ളം വിൽപ്പന നടത്തുവാനുള്ള വാട്ടർ അതോറിറ്റിയുടെ പദ്ധതി വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) സ്വകാര്യ കിണറുകളിൽ നിന്നും ലഭ്യമാക്കുന്ന ജലത്തിന്റെ അളവുകൂടി കണക്കിലെടുത്താൽ എല്ലാ ജന ആവാസ കേന്ദ്രങ്ങളിലും 40 എൽ.പി.സി.ഡി.

LIBRARY ARCHIVES Kerala Legislative Assembly

അളവിൽ ജലം ലഭിക്കുന്നുണ്ട് എന്നണ് കണക്കാക്കപ്പടുന്നത്. 84.8% നഗരവാസികളും 68.55% ഗ്രാമവാസികളും ഉൾപ്പെടെ 73% ജനങ്ങൾക്ക് വിവിധ പദ്ധതികൾ മുഖേന ഇതുവരെ ശുദ്ധജലം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(സി) പൈപ്പു വെള്ളത്തെ മാത്രം ആശ്രയിക്കുന്ന ജനങ്ങൾ മറ്റുള്ള ആവശ്യങ്ങൾക്കും കൂടിവെള്ളം ഉപയോഗിക്കുന്നു എന്നുള്ള കാര്യം വാസ്തവമാണ്. പക്ഷേ ഇത് സംബന്ധിച്ച പഠനമൊന്നും നടത്തിയിട്ടില്ല.

(ഡി) വിശദമായ പഠനം നടത്തിയിട്ടില്ല.

(ഇ) പരിഗണനയിലില്ല. വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾ പലതിന്റെയും ഉറവിടം ഉപരിതല സ്രോതസ്സുകളാണ്.

(എഫ്) ആയിരം ലിറ്റർ ജലം പൂർണ്ണമായും ശുദ്ധീകരിച്ച് വിതരണം ചെയ്യുമ്പോൾ അതോറിറ്റിക്ക് ശരാശരി 11.12 രൂപ ചിലവാകും എന്ന് കണക്കാക്കുന്നു.

(ജി) ഗുണനിലവാരമുള്ള കുപ്പിവെള്ളം ന്യായവിലയ്ക്ക് നൽകുന്നതിനായി അതോറിറ്റി മണിക്കൂറിൽ 7500 ലിറ്റർ ശേഷിയുള്ള കുപ്പിവെള്ള പ്ലാന്റ് അരുവിക്കരയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അരുവിക്കരയിലെ ശുദ്ധീകരണശാലയിൽ നിന്നും എടുക്കുന്ന ജലം വിവിധതരം ഫിൽറ്ററുകളിലൂടെ കടത്തിവിട്ട ശേഷം അൾട്രാവയ്‌ലറ്റ് സ്റ്റെറിലൈസേഷൻ ഓസോൺ അണുനശീകരണവും നടത്തി വിപണനം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഉത്പാദനം ഈ സാമ്പത്തിക വർഷംതന്നെ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

നഗര ജല വിതരണ പദ്ധതി

80 (2179) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദീർഘകാലമായി പണി നടക്കുന്ന ഏതൊക്കെ നഗര വിതരണ പദ്ധതികളാണ് ഇപ്പോൾ നിലവിലുള്ളത് ;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികളുടെ നിർമ്മാണം ഈ വർഷം പൂർത്തിയാക്കാനാകും ;

(സി) നഗരജലവിതരണ പദ്ധതികൾക്കായി ഈ സർക്കാർ ഇതുവരെ ആകെ എന്തു തുകയാണ് ചിലവഴിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പുതുക്കിയ എസ്റ്റിമേറ്റനുസരിച്ച് ഈ പദ്ധതികൾ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിന് ഇനിയും ആകെ എന്തു തുക ചെലവിടേണ്ടി വരുമെന്നാണ് കണക്കാക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly